**B** **502**

# വാർഷിക മൂല്യനിർണയം 2017-18

## മലയാളം

**ക്ലാസ് - 5** **കേരളപാഠാവലി** **സമയം -2 മണിക്കൂർ**

**നിർദേശങ്ങൾ**

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാൻ ഉപയോഗിക്കണം.
- ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽമതി.

---

### പ്രവർത്തനം 1 : ആസ്വാദനക്കുറിപ്പ്

"ഇപ്പോ മുത്തശ്ശിക്ക് ആരൂല്യ, ഉവ്വോ ഫ്രണ്ടായിട്ട്"? എനിക്കു മുത്തശ്ശിയോട് കലശലായ അനുകമ്പ തോന്നി. ഞാൻ അവരുടെ അടുത്തേക്കു ചെന്ന് അരക്കെട്ടു കെട്ടിപ്പിടിച്ചു.

"മുത്തശ്ശിക്ക് ഞാനില്ല്യേ?" ഞാൻ ചോദിച്ചു.

അതെ, അമ്മൂ, മുത്തശ്ശിക്ക് അമ്മു മതി"

മാധവിക്കുട്ടിയുടെ 'വേനലിന്റെ ഒഴിവ്' എന്ന കഥയിലെ ഭാഗമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ കഥ വായിച്ചപ്പോൾ നിങ്ങളെ ആകർഷിച്ച കാര്യങ്ങൾ, കഥാപാത്രങ്ങൾ, അമ്മുവും മുത്തശ്ശിയും തമ്മിലുള്ള ബന്ധം, മറ്റു കഥാപാത്രങ്ങൾ, ഗ്രാമീണ കാഴ്ചകൾ തുടങ്ങിയവ ഉൾപ്പെടുത്തി കഥയ്ക്ക് **ആസ്വാദനക്കുറിപ്പു** തയാറാക്കുക.

### പ്രവർത്തനം 2 : പ്രസംഗം

"എന്റെ സ്നേഹം അരുവിയിലെ വെള്ളംപോലെയാണെങ്കിൽ പുള്ളിമാന്റെ സ്നേഹം തേൻതുള്ളിപോലെയാണ്."

'മയിൽപ്പീലിസ്പർശം' എന്ന കഥയിൽ മുയൽക്കുട്ടൻ പറഞ്ഞ വാക്കുകളാണിവ. പരസ്പര സ്നേഹത്തെ കാണിക്കുന്ന ഈ കഥയുടെ അടിസ്ഥാനത്തിൽ 'സ്നേഹം മനുഷ്യനന്മയ്ക്ക്' എന്ന വിഷയത്തിൽ ഒരു **പ്രസംഗം** തയാറാക്കുക.

### പ്രവർത്തനം 3 : ആത്മകഥാക്കുറിപ്പ്

'കാസിമിന്റെ ചെരുപ്പ്' എന്ന കഥയിൽ തന്റെ എല്ലാ നാശത്തിനും കാരണമായ ചെരുപ്പുകൾ ന്യായാധിപനുമുന്നിൽ അയാൾ വലിച്ചെറിയുന്നത് നമ്മൾ കണ്ടല്ലോ. അവയുടെ ഉടമസ്ഥൻ താനല്ലെന്ന് പ്രഖ്യാപിക്കാൻ അദ്ദേഹം അപേക്ഷിക്കുന്നു. കുറേ കാലത്തിനു ശേഷം ആ സംഭവം ആത്മകഥയായി എഴുതാൻ അദ്ദേഹം തീരുമാനിച്ചു. ചെരുപ്പുമായി ബന്ധപ്പെട്ട ആ സംഭവം **ആത്മകഥാക്കുറിപ്പിൽ** എങ്ങനെയായിരിക്കും അദ്ദേഹം അവതരിപ്പിച്ചിരിക്കുക? എഴുതിനോക്കൂ.

**പ്രവർത്തനം 4 : പഴഞ്ചൊൽ വ്യാഖ്യാനം - കുറിപ്പ്**

**എ)** 'പുകഞ്ഞ കൊള്ളി പുറത്ത്' എന്ന പഴഞ്ചൊല്ല് നോക്കുക. ഒരു കുടുംബത്തിന്റെ പൊതുവായ ക്ഷേമത്തിന് എല്ലാവരും പ്രവർത്തിക്കുമ്പോൾ, അതിന് എതിരായി പ്രവർത്തിക്കുന്ന വ്യക്തിയെ ഒഴിവാക്കാൻ പറയുന്ന ന്യായമാണിത്.

ഇതുപോലെ 'പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്തു കാര്യം' എന്ന പഴഞ്ചൊല്ലിന്റെ ആശയം, ഉപയോഗിക്കുന്ന സന്ദർഭം തുടങ്ങിയവ ഉൾപ്പെടുത്തി **കുറിപ്പ്** തയാറാക്കുക.

**ബി)** ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ട് റോഡിന് കുറുകെ ഒരു മരം കിടക്കുന്നു. വഴിക്കു കുറുകെ കിടക്കുന്ന വലിയ മരം എല്ലാവരും ചേർന്നു പൊക്കിമാറ്റി. ഈ വിവരണത്തിന് ഏറ്റവും അനുയോജ്യമായ പഴഞ്ചൊല്ല് ഏത്?

- കൂനിൻമേൽ കുരു
- ഒത്തുപിടിച്ചാൽ മലയും പോരും
- മുളയിലറിയാം വിള

**പ്രവർത്തനം 5 : കഥാപാത്രനിരൂപണം**

ഉറൂബിന്റെ 'കോയസ്സൻ' എന്ന കഥയിലെ കോയസ്സനെ നിങ്ങൾക്കിഷ്ടമായില്ലേ?

കോയസ്സന്റെ രൂപം, വേഷം, സ്വഭാവസവിശേഷതകൾ, അപ്പുവും അവന്റെ വീട്ടുകാരുമായുള്ള ബന്ധം. തുടങ്ങിയവ ഉൾപ്പെടുത്തി **കഥാപാത്രനിരൂപണം** തയാറാക്കുക.

**പ്രവർത്തനം 6 : പത്രവാർത്ത**

ടോട്ടോച്ചാന്റെ സ്കൂളിൽ കൃഷിമാഷ് വന്ന കാര്യം നിങ്ങൾ ഓർമിക്കുന്നില്ലേ?

കൃഷിയുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ അദ്ദേഹം കുട്ടികളെ പഠിപ്പിച്ചു. അന്നേ ദിവസം വിദ്യാലയത്തിൽ നടന്ന സംഭവങ്ങൾ ഉൾപ്പെടുത്തി ഒരു **പത്രവാർത്ത** തയാറാക്കൂ. ഉചിതമായ തലക്കെട്ട് നൽകുമല്ലോ.

*******